**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിന് നിലവിൽ 7 എക്കറിലധികം ഭൂമിയുണ്ട്. AICTE യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും നിലവിൽ ലഭ്യമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23.08.2022 ലെ സർക്കാർ ഉത്തരവ് മുഖേന കമ്പ്യൂട്ടർ സയിൻസ് & ഡിസൈൻ - ൽ 60 സീറ്റുകളുള്ള ബി.ടെക് കോഴ്സും സ്ട്രക്ചറൽ എഞ്ചിനീയറിംഗ് - ൽ 18 സീറ്റുകളുള്ള എം.ടെക് കോഴ്സും അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നതു സംബന്ധിച്ച വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സർക്കാർ വിശദമായ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങിൽ നിലവിൽ കോളേജിന് ഏഴ് ഏഴേക്കറിലധികം ഭൂമിയുണ്ടെന്നും AICTE യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ലഭ്യമാണെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കോഴിക്കോട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന കോളേജ് നിലവിലുള്ള സ്ഥലത്തു നിന്നും മാറ്റുന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലെന്നും ചർച്ചയിൽ അഭിപ്രായം ഉണ്ടായി. കൂടാതെ വിശദമായ ചർച്ചകൾക്ക് ശേഷം നിലവിലെ എഞ്ചിനീയറിംഗ് കോളേജ് നിൽക്കുന്ന സ്ഥലത്ത് പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്നും തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ